# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4732 18.12.2014-ൽ മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി കോളേജിനായി പി.ഐ.പി യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറ്റം

ചോദ്യം
ശ്രീ.രാജു എബ്രഹാം

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | അയിരൂരിലെ നിർദ്ദിഷ്ട ഐ.എച്ച്.ആർ.ഡി കോളേജിനായി പി.ഐ.പി യുടെ ഉടമസ്ഥതയിലുള്ള അയിരൂർ വില്ലേജിലെ ഭൂമി കൈമാറുന്നതു സംബന്ധിച്ച ഫയൽ എന്നാണ് റവന്യൂ വകുപ്പിൽ എത്തിയിട്ടുള്ളത്; ഈ ഫയലിൻമേൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഏതൊക്കെ തീയതികളിലായി ഇതു സംബന്ധിച്ച ഫയൽ എത്തിയിട്ടുണ്ട് എന്നും ഓരോ ഓഫീസിലും എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (എ), (ബി) & (സി)<br>അയിരൂരിൽ IHRD കോളേജിനായി PIP-യുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച ഫയൽ ജലവിഭവ (ഐ.ആർ) വകുപ്പിൽ നിന്നും 07.03.2013-ൽ റവന്യൂ (എ) വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കുന്നതിലേക്കായി ഫയലിനോടൊപ്പം ലഭിച്ച ചീഫ് എഞ്ചിനീയറുടെ (പദ്ധതി വിഭാഗം-2) 17.10.2012-ലെ പിജി2/4140/12-ാം നമ്പർ കത്തും അനുബന്ധ രേഖകളും സഹിതം 19.07.2013-ലെ 13019/എ 1/2013/റവ നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം റിപ്പോർട്ടിനായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. കൈമാറേണ്ട സ്ഥലത്തിന്റെ മഹസ്സർ, ബി.ടി.ആർ-ന്റെ പകർപ്പ്, സ്കെച്ച് മുതലായ രേഖകൾ സഹിതം പത്തനംതിട്ട ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന, ഉചിതമായ ശുപാർശയോടെ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത്. പ്രസ്തുത റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധിക്കുന്ന 13019/എ 1/2013/റവ നമ്പർ ഫയൽ 07.03.2013 മുതൽ റവന്യൂ (എ) വകുപ്പിലെ 'എ 1' സീറ്റിൽ കൈകാര്യം ചെയ്തു വരുന്നു. |
| (ബി) | ഇപ്പോൾ പ്രസ്തുത ഫയൽ ആരുടെ പക്കലാണ് ഉള്ളതെന്നും എന്നു മുതലാണ് ഫയൽ ഈ ഓഫീസിലുള്ളതെന്നും വ്യക്തമാക്കുമോ; | |
| (സി) | ഭൂമി കൈമാറ്റം സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറി പത്തനംതിട്ട ജില്ലാ കളക്ടർക്ക് എന്നാണ് കത്തു നൽകിയത്; കളക്ടർ ഇതിന് മറുപടി നൽകിയോ; നൽകിയെങ്കിൽ എന്നാണ് കത്ത് നൽകിയത്; ആർക്കാണ് കത്ത് നൽകിയത്; കത്തിന്റെ കോപ്പി ലഭ്യമാക്കാമോ; | |

| | | |
|---|---|---|
| (ഡി) | ഭൂമി കൈമാറ്റം സംബന്ധിച്ച് റവന്യൂ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതിനു പകരം ഐ.എച്ച്.ആർ.ഡി ഡയറക്ടർക്ക് ഭൂമി ഏറ്റെടുക്കാൻ സമ്മതമാണോ എന്നു ചോദിച്ച് കത്ത് പോയിട്ടുണ്ടോ; ആരുടെ പേരിലാണ് ഇത്തരത്തിൽ കത്തയച്ചിരിക്കുന്നത്; ഇത്തരത്തിൽ കത്തയച്ചത് ആര്; ഇതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ)<br>ഐ.എച്ച്.ആർ.ഡി ഡയറക്ടറോട് ഭൂമി പതിച്ച് കിട്ടുവാൻ അർത്ഥനാപത്രം സമർപ്പിക്കുവാനും കമ്പോള വില അടയ്ക്കുവാൻ തയ്യാറാണോ എന്നും പത്തനംതിട്ട ജില്ലാ കളക്ടർ 25.01.2014-ലെ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.04.14-ലെ എൽ.ആർ(കെ2)-10189/14 നമ്പർ കത്ത് പ്രകാരം അപ്ലൈഡ് കോളേജ് നിർമ്മാണത്തിന് 50 സെന്റ് ഭൂമി പര്യാപ്തമാണോ എന്നും, ടി പ്രോജക്ട് പ്രകാരം കോളേജ് സ്ഥാപിക്കുന്നതിനായി എത്ര ഭൂമിയാണ് ആവശ്യമുള്ളത് എന്നും, ബാക്കി ഭൂമി എങ്ങനെയാണ് കണ്ടെത്തുന്നത് എന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ കൂടി ലഭ്യമാക്കുവാൻ 08.07.2014, 06.11.2014 തീയതികളിലെ കത്തുകൾ പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ ഐ.എച്ച്.ആർ.ഡി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി ഡയറക്ടർ അർത്ഥനാപത്രം മേൽപ്പറഞ്ഞ വിവരങ്ങൾ സഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമാണ് ജില്ലാ കളക്ടർ അപേക്ഷ പരിശോധിച്ച് ഭൂമി കൈമാറ്റ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുന്നത്. പത്തനംതിട്ട കളക്ടറേറ്റിലെ C10 സെക്ഷനിലാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത്. |
| (ഇ) | ഇപ്പോൾ ഇതു സംബന്ധിച്ച ഫയൽ ആരുടെ കൈവശമാണ് ; ഭൂമി സംബന്ധിച്ച റിപ്പോർട്ട് റവന്യൂ സെക്രട്ടറിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാനും അധികാര ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ